**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2748** **10-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികവർഗ്ഗ ഉന്നതികളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ ഉന്നതി, തുമരംപാറ പട്ടികവർഗ്ഗ ഉന്നതി, എന്നിവിടങ്ങളിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്തിരുന്ന പൂഞ്ഞാർ മണ്ഡലത്തിലെ എരുത്വാപ്പുഴ നഗറിൽ പദ്ധതി നിർവ്വഹണത്തിനായി 3 തവണ ടെൻഡർ വിളിച്ചിരുന്നെങ്കിലും ആരും തന്നെ പ്രവർത്തി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ 29/06/2024 ൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ എസ്റ്റിമേറ്റിലെ ഘടകങ്ങൾ പരിഷ്കരിക്കുന്നതിന് ബഹു.എം.എൽ.എ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ പരിഷ്കരിച്ച ഡി.പി.ആർ ന് 25/01/2025 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ-ന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ച് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>2022-23 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത തുമരംപാറ ഉന്നതിയിൽ പദ്ധതി നിർവ്വഹണ ഏജൻസിയായി സംസ്ഥാന നിർമ്മിതി കേന്ദ്രയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഡി.പി.ആർ-ന് മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ